തീർദ്ധ്മാംശൈരഖിലാംശതഞ്ചകവിൽ ഗൃഹവിസ്താരയുതവിസ്തൃ
[ത്യാഗൃഹാർദ്ധ്വ്യ്യഃ
സ്തംഭോഷ്ടാംശകൃതഃ കരദ്വയമിതോബ്ധ്യാദ്യംഗുലൈർവ്വർദ്ധിത–
ശ്ചാധിഷ്ഠാനമതോർദ്ധതോത്ര രസഭാഗാദിക്ഷയശ്ചപചിൽ. 32

ഗൃഹവിസ്താരത്തെ ഇരുപത്തേഴു പകുത്തു ആയംശത്തിൽ പന്ത്രണ്ടും ക്രട്ടം ഗൃഹവിസ്താരവും ക്രടിയതു് പുരയുടെ ഉയരമാകുന്നു, പിന്നെ പതിന്നാലുക്രു ക്രട്ടുകിലുമാം. ഇരുപത്തൊന്നു ക്രു ക്രട്ടുകിലുമാം. ഇരുപ

ത്തെട്ടു ക്രമ ക്രട്ടുകിലുമാം. ഇങ്ങിനെ പുരയുടെ ഉയരം കല്പിപ്പു. പി
ന്നെ സ്തംഭം ഇരുക്കോൽ നിളം. നീളത്തിലെട്ടൊന്നു വിസ്താരം. പി
ന്നെ നാലിലും തുടങ്ങിയുള്ള വിരൽ ഇരുക്കോലിൽ ക്രട്ടിയത് സ്തംഭത്തി
ന്റെ നീളം. പിന്നെ ഇതിൽ പാതീത ഉയരം. പിന്നെ ക്രട്ടിയതു
സ്തംഭത്തിന്റെ നീളം. പിന്നെ ഇത്തറ ഉയരത്തിൽ തന്നിൽ ആറൊ
ന്നു്, ഏഴൊന്നു്, തുടങ്ങിയുള്ള അംശം പോയത് ഉയരം എന്നു കല്പിക്കി
ലുമാം. ചിലേടത്തു് ഇവിടേക്കുമുണ്ടു് ചൊല്ലീട്ടു്.

വിസ്താരേണസമം പാദമാനമിത്യുച്യതെ ബുധൈഃ
വിസ്താരസ്യ ചതുർത്ഥാംശം യുക്തംവാ ഹീനമേവവാ. 33

ഷൾസപ്താഷ്ടകദിഗ്ഭാഗൈർയ്യുക്തം വിയുതന്തുവാ
സപാദത്രികമഭ്യന്തു സർവ്വേഷാമപി ശോഭനം. 34

രസാദ്ര്യഷ്ടാംകദിഗ്ഭാഗൈഃ പാദമാനാൽ പ്രകല്പയേൽ
അധിഷ്ഠാനം നതുത്രിംശാൽ അധികഞ്ചാപി കുത്രചിൽ. 35

പാദമാനമെന്ന തറയുടെ ചുവട്ടിൽ നിന്നു ഉത്തരത്തോളം ഉള്ള ഉയ
രം. അതു ഗൃഹവിസ്താരത്തോടു തുല്യമായിട്ടു കല്പിക്കാം. ഗൃഹവിസ്താര
ത്തിങ്കൽ നാലൊന്നു ഏറീട്ടുതാൻ കുറഞ്ഞിട്ടുതാൻ പാദമാനം കല്പിക്കിലു
മാം. പാദമാനത്തിൽ മൂന്നൊന്നിലേററം തറ ഉയരം ഉണ്ടാകയുമരുതു്.
അധിഷ്ഠാനാവയവത്തേയും ഉണ്ടു് ചൊല്ലീട്ടു്.

അധിഷ്ഠാനം ദ്വിധാദ്യഷ്ടമഞ്ചകം ഗളമഞ്ചകം
അധിഷ്ഠാനസ്യമാനേന ദ്വാദശാംശം പ്രകല്പയേൽ 36

കരോത്തു പാദകംദ്വാഭ്യാം രസാംശൈർജ്ജഗതിം തതഃ
ഗളംപ്രതി പൃഥക്ദ്വാഭ്യാം ഇതിസ്യാൽ ഗളമഞ്ചകം. 37

അഥവാ പാദകദ്വാഭ്യാം സപ്തദിക് ജഗതിം തതഃ
പാവകാശൈഃ പ്രതിം കുര്യ്യാൽ മഞ്ചകന്നാനതസ്മൃതം
വിജ്ഞേയഃ പാദകസ്യാത്ര സത്രിപാദേന നിർഗ്ഗമഃ 38

അധിഷ്ഠാനമെന്നപുരത്ത അതു രണ്ടുപ്രകാരമുള്ളു. അവറിന്നു മ
ഞ്ചകം എന്നും ഗളമഞ്ചകമെന്നും പേർ. ആയധിഷ്ഠാനത്തിന്റെ ഉയരം

കൊണ്ടു പന്ത്രണ്ടുക്രമിട്ടു അവറ്റിൽ രണ്ടുക്രമുകൊണ്ടു പാദുകത്തെ ഉണ്ടാക്കുന്നു. ആറുകൊണ്ടു ജഗതിയെ, ഗളം രണ്ടുകൊണ്ടു, പ്രതിയും രണ്ടുകൊണ്ടു ചമപ്പു. ഇങ്ങിനെ ചമക്കുന്ന അധിഷ്ഠാനത്തിന്നു ഗളമഞ്ചകമെന്നു പേർ. പിന്നെ പ്രകാരാന്തരം. അവിടെ പാദുകം രണ്ടുകൊണ്ടു, ഏഴുകൊണ്ടു ജഗതി, പ്രതി മൂന്നുകൊണ്ടു. അതിനു് മഞ്ചകമെന്നു പേർ. അവിടെ പാദുകത്തിനു തന്റെ ഉയരത്തിൽ മുക്കാൽകൊണ്ടു പുറപ്പാടു്. അതു ജഗതിയിങ്കന്നു് ഗജഗതിക്കും പ്രതിക്കും ഗളത്തിങ്കന്നുമുള്ള പുറപ്പാടു് യാതൊന്നു അതു ഗളം; തന്റെ ഉയരത്തിൽ നാലൊന്നു കൊണ്ടു എന്നിങ്ങിനെ ഗളമഞ്ചകത്തിങ്കലെ നിർഗ്ഗമപ്രകാരം. പിന്നെ ഗളമില്ലാത്തേടത്തു പാദുകത്തോടൊപ്പം പ്രതിയുടെ പുറപ്പാടഗ്രനാം ചുരുക്കി വേണ്ടുന്നേടത്തെ വിസ്താരം തന്ത്രസമുച്ചയത്തിന്നു കണ്ടുകൊള്ളു. അതു എങ്ങിനേ എന്നു്.

മാസൂരേമിഹിരദ്വയാംശവിനിഹതോംശൈഃ പാദുകംപാവകൈ-
രഷ്ടാഭിർജ്ജഗതിംസപക്ഷരൈഃകുമുദകംശേഷേദശാംശേശകൈഃ
സ്രീഭ്യഗ്ന്യശ്വിമിതൈർഗളം വിരചയേൽകംപാൽഗളംപട്ടികാ
പ്രത്യുദ്യന്മകരാംസ്യകാദിരുചിരാംമാംസിംഹാദിഭിശ്ശോജ്ജ്വലാം 39

അധിഷ്ഠാനത്തിന്റെ ഉയരത്തെ ഇരുപത്തിനാലു പകുത്താൽ മൂന്നുകൊണ്ടു പാദുകം, എട്ടുകൊണ്ടു ജഗതി, ഏഴുകൊണ്ടു കുമുദം. പിന്നെത്തെ ആറുക്രമുകൊണ്ടു പത്തു ക്രമിട്ടാൽ മൂന്നുകൊണ്ടു ഗളം രണ്ടു പ്രതികം പങ്ങൾ, മൂന്നുകൊണ്ടു ഗളം; രണ്ടുകൊണ്ടു പ്രതി. ഇന്നാലവയവംക്രടിയതിന്നും പ്രതി എന്നു പേരുണ്ടു്. ഇതിനെ സിംഹം, ഗണപതി എന്നു തുടങ്ങിയുള്ളവറെറക്കൊണ്ടു ശോഭിച്ചിരിപ്പു.

വാസ്തുപാധാരസമുദ്ധരണയെ പ്രകൃതിഭക്തേവാത്തുഭിഃപാദുകം
ഹരന്ദ്രോഭിഃ ജഗതിംരസൈഃകുമുദകഞ്ചൈകേനതല്പട്ടികാം
ഭാഗാഭ്യാംഗളപാദുകാൻ വിരചയേദഭ്യാംശതഃപട്ടികാം
ക്ഷുദ്രാംസാച്ചുധരാംശകേനമഹതിം സപ്താശൊല്ലസദ്വാജനാം. 40

അധിഷ്ഠാനത്തിന്റെ ഉയരത്തെ ഇരുപത്തൊന്നു പകുത്താൽ മൂന്നംശംകൊണ്ടു പാദുകം, ഏഴുകൊണ്ടു ജഗതി, ആറുകൊണ്ടു കുമുദം, ഒന്നുകൊണ്ടു കുമുദപട്ടിക, രണ്ടുകൊണ്ടു കുമുദത്തിന്റെ മേലെ ഒതുക്കു്. പിന്നെ ഒന്നുകൊണ്ടു ഗളം; അഗ്രളത്തേക്കാൾ കുറഞ്ഞൊന്നു പുറപ്പാടുണ്ടായിരിക്കും കുമുദപട്ടിക. പിന്നെ ഒന്നുകൊണ്ടു പാദുകം. ഇതുകംപ

---

1 യെ.

സ്ഥാനീയം. പിന്നെ ഒരു അദ്ധ്യാംശകം പട്ടിക. അത് അല്പം വാജനസ്ഥാനീയം പിന്നെ ഒന്നരകൊണ്ടു മഹാപട്ടിക. ഇതു് മഹാവാജനസ്ഥാനീയം. ഇതിങ്കൽ തന്റെ ഒരംശംകൊണ്ടു ഒരു വാജനവുമുണ്ടു്. ഇങ്ങിനെ ആകിലുമാം.

വാസ്തുരേഖൈർത്രിനേശാംതിതിനിസതിജഗതീകൈരവേശ്രുത്യുപായേ
തച്ഛ്രിഷ്ടൈഃ പട്ടികാന്തരിമപരിചയേൽവാജിനതപ്രതിഞ്ച
പ്രത്യുല്പന്നക്രമാഖ്യഃക്രമഇതികഥിതഃപട്ടികാന്തംതഥാതഃ
ഖണ്ഡാൽസാർദ്ധൈകതോവാജനമപിസദലൈകാംശതഃ

[പാദബന്ധൈഃ 41

അധിഷ്ഠാനത്തിന്റെ ഉയരത്തെ പന്ത്രണ്ടു പകുത്തതിൽ നാലുകൊണ്ടു ജഗതി, നാലുകൊണ്ടു കുമുദം, പിന്നെ ഒന്നുകൊണ്ടു പട്ടിക. പിന്നെ ഒന്നുകൊണ്ടു അന്തരി. പട്ടികയേക്കാൾ ഉള്ളിൽ പുക്കു പൂക്കളം കുത്തി ഗളംപോലെ ഉള്ളതു അന്തരി. പിന്നെ ഒരു പ്രതി. അതിന്നു് നടേത്തെ അവയവം വാജനം. ഇതിനു ഗളം ഒന്നേയുള്ളൂ എന്നൊരു വിശേഷം. അധിഷ്ഠാനത്തിന്നു പ്രതിക്രമം എന്നു പേർ. പിന്നെ പാദബന്ധം എന്നു പേരുള്ള അധിഷ്ഠാനം. ഇതിങ്കൽനിന്നുള്ള വിശേഷം അവിടെ കുമുദപട്ടികയോളമുള്ളതു ഈവണ്ണംതന്നെ. പിന്നെ ഒന്നരകൊണ്ടു ഖണ്ഡങ്ങൾ. ഒന്നര പോരുകിൽ പിന്നെ ഒന്നരകൊണ്ടു വാജനം, അതിലദ്ധ്യംകൊണ്ടു അദ്ധ്വാജനം. ഇവിടെ രണ്ടേടത്തും പാട്ടകൾ ഇല്ല.

യാവൽസ്വായോച്ഛ്രമാനം ഗമയതുജഗതിംബാഹ്യതോമാനസൂത്രാ-
ത്തത്തുല്യംകൈരവഞ്ചോച്ഛ്രയസമചരണോനാദ്ധ്യപാദാംശകഞ്ച
ശിഷ്ടംതൽപട്ടികാബ്ജാദികമപിഗവയോന്മാനസൂത്രാൽസമന്താ-
ത്തത്തച്ചോഭാനരൂപംഗമയതുജഗതീസൂത്രതഃപാട്ടകഞ്ച. 42

ഉത്തരത്തിന്റെ പുറത്തെ പുററിങ്കൽനിന്നു നാലുപുറത്തുനിന്നും ജഗതിയെ എട്ടുവിരലു താൻ നാലുവിരലുതാൻ പുറത്തു നീക്കേണ്ടു. ഇങ്ങിനെ നീക്കിയാൽ ജഗതിക്കു് ഉത്തരത്തിന്റെ യോനിതന്നെ യോനിയായിട്ടേ ഇരിക്കണം. ഏകയോനിതാൻ പഞ്ചയോനിതാൻ എന്നുള്ള യോനി വരേണം. അതു നീക്കം ശ്രീകൃഷ്ണം ആയമെന്ന യോനിയെ ചൊല്ലി. പിന്നെ പക്ഷാന്തരം. ഗജഗതിതാൻ എത്രയുയരമുണ്ടു് അത്രതന്നെ ഉയരത്തിങ്കൽനിന്നു പുറപ്പെട്ടും എന്നാകിലുമാം. പിന്നെ ജഗ

---

1 നംതൽ.

തിയോടൊപ്പം കുമുദത്തേയും നീക്കു. പിന്നെ മറുള്ളവന്റെ തന്റെ തന്റെ ഉയരത്തോളം ഉയരംകൊണ്ടു മുക്കാൽ അരക്കാൽ താൽ പൂറത്തു നീക്കു. പടിവാജനം പത്മമെന്നിവറെറ ഈവണ്ണം നീക്കു. എല്ലാ റേറയും ഉയരത്തിങ്കൽനിന്നുള്ള തുക്കത്തിങ്കൽനിന്നു നീക്കേണ്ടു. അവിടെ എതിന്നു എത്ര നീക്കിയാൽ ശോഭയുള്ളു എന്നു നിരൂപിക്കേണ്ടു. ഇവിടെ പ്രതിക്രമം എന്നു പേരുള്ള അധിഷ്ഠാനത്തിന്നു ഗളമൊന്നേയുള്ളു. അതു അന്തരിതാനും അന്തരീകസുമയ്യുതാനും എന്നുണ്ടു്. മണ്ഡപത്തിന്നു ഇതു അധിഷ്ഠാനമാകുന്നതു്. മണ്ഡോപപ്പരികയിങ്കൽ കീഴെ അവയവം പുറപ്പാടു കുറയുന്നതു യാതൊന്നു അതു വാജിനമാകുന്നതു. ഇവിടെ തത്തൽശോഭാനുരൂപമെന്നതുകൊണ്ടു പാദുകസമമായിട്ടു പുറപ്പാടു കല്പിക്കുന്നു. മണ്ഡവലപട്ടിടിക്ക എന്നാകിലുമാം. ഗളവുമന്തരിയും ഉത്തരത്തിങ്കുന്നതന്നെ സമമായിട്ടിരിക്കണം. ഇതും വാജനവും ക്രടിയാൽ വളരുംകംപെ പാതവും എന്നപോലെ ഇരിക്കും. ഇതുംമണ്ഡപത്തിന്നായിട്ടു് ഓക്കാം. ഇതു എല്ലാം വിചാരിച്ചുകൊള്ളാം. പിന്നെ ജഗതിസൂത്രത്തിങ്കുന്ന പാദുകത്തേയും പുറപ്പെടിപ്പു.

ഗേഹേ ത്രിദോവ്യുത്ഭവേദവിദോമ്മിതാം
സ്തംഭാം സ്തതോബ്ജ്യം തുലവദ്ധിതാൽ ക്രമാൽ
ചതുഷ്കരാദൃത്തര വൃത്തജേഷുതാൻ
കരോതപധിഷ്ഠാനഗതോദ്ധസമ്മിതം 43

സമചതുരശ്രമാകുന്ന പ്രാസാദത്തിങ്കൽ കാൽകുറയമുക്കാൽ തുടങ്ങി കുറെയ നാല്ക്കോലോളം ഉള്ള ഉത്തരദൈർഘ്യമുള്ളതു് ത്രിദോർവ്യുത്ഭവം. അവിടുന്നു തുടങ്ങി കാൽകുറയ അംകോലോളമുള്ളതു് ചതുഷ്കരവൃത്തഭവം. ഇങ്ങിനെ മേപ്പട്ടു കണ്ടുള്ളു, അവിടെ മുക്കോൽ പരിഷയിങ്കൽ ഇരിക്കോൽ സ്തംഭദൈർഘ്യം. പിന്നെ ഉത്തരം ഒരുക്കോലിരിക്കോലേറുമ്പോൾ നന്നാലുവിരൽ ഇറക്കിക്കൊള്ളു തുൺ. ഈസ്തംഭത്തിൽ പാതിതറയുടെ ഉയരം.

ഭക്തേപ്രത്യുത്തരാന്തർഗ്ഗതചരണസമുന്മാനകേഷ്ടാം അദിശ്ഭിഃ
തേഷേചകാംശാത്തമൂലപ്രതതിതദുരഗാംശാദിഹീനാഗ്രതാനാൻ.
ദാരുസ്തംഭാംസ്തദഹേവിഹിതഇതിമലാദ്യുദ്വിഭാഗോനതാനാൽ
കുഡ്യസ്തംഭാംശ്ചകുഡ്യേരചയതുചരണാഗ്രപ്രതാനോത്തദണ്ഡഃ 44

കാല്യയരത്തെ എട്ടതാനൊമ്പതു പത്തൊന്നു കുറഞ്ഞിട്ടു അഗ്രവിസ്താരം, ഇങ്ങിനെ മരംകൊണ്ടു തുണുവേണ്ടുന്നോടത്തു്. പിന്നെ മുവരി

ന്മേൽ ഇച്ചൊല്ലിയതിങ്കന്ന പാതിതാൻ മൂന്നൊന്നതാൻ നാലൊന്നതാൻ കുറഞ്ഞിരിയ്ക്കും. ഇങ്ങിനെ കുഡ്യത്തിങ്കൽ ചമെപ്പൂ. ഇവിടെ സ്തംഭ മഗ്രവിസ്താരത്തെ ദണ്ഡ് എന്നു് ചൊല്ലുന്നു.

കുയ്യാൽസൃശ്ചരണായുഗാഷ്ടനുപകോണാസ്സുവ്വതോവൃത്തുള്ളാ
വിസ്താരത്രിഗണോപരിത്രിഹ്രവിസ്താരോന്മിശ്രികാഷ്ടാശ്രകാ
മൂലോൽ ഭാവിതകർണ്ണസൂത്രചതുരശ്രോൽപാംശവൃത്തഃ പുനഃ
ഹ്രണ്ഡുത്തേഭവിചിത്രവൃത്തരുചിരാപാരിബ്ലുഗേഹേമിതാഃ 45

സ്തംഭങ്ങളെ ചതുരശ്രങ്ങളായിട്ടും അഷ്ടാശ്രങ്ങളായിട്ടും ഷോഡശാ ശ്രങ്ങളായിട്ടും ചമെക്കും. പിന്നെ മുഴവനെ വൃത്തമായിട്ടും മൂലത്തിൽ സ്തംഭമൂലവിസ്താരവും മുമ്മടങ്ങു ചതുരശ്രം. അതിന്നു മേലോടം വൃത്തം എന്നാകിലുമാം. പിന്നെ ഉരുണ്ടിരിക്കിൽ ഇടയ്ക്കിടയിൽ ചില വലയ ങ്ങൾ, വലയാന്തരങ്ങളിൽ ദളങ്ങളിൽ ഹ്രണ്ഡുക്കളും ഉണ്ടാവൂ. എന്ന ചിലരോടുകൾ ഈറ്റക്കഴൽ വിളിച്ചപോലെ ഇരിക്കും. ഇത്യാദിക ളിൽ അതാതു ഗൃഹത്തിന്നു സദൃശമാകുന്ന സ്തംഭങ്ങളെ ചമെപ്പൂ.

'ശരാമ്മായോദച്ചിട്ടണ്ഡദീഘ്രാൻ ചരണതതദർദ്ധോച്ഛ്രയാം പോ കാഞ്ഞു' സ്തംഭാഗ്രവിസ്താരമാകുന്ന ദണ്ഡിനെക്കൊണ്ടു് അഞ്ചുതാൻ നാലു താൻ മൂന്നുതാൻ നീളമായി ഒരു ദണ്ഡു് വിസ്താരവുമായി അതിൽ പാതി മുഴപ്പുമായി ഇരിക്കേണം. അനന്തരം ഉത്തരാദിയ്ക്ക് ഉന്മൂലശേഷ;

പാദവ്യാസതതന്തതോ ദലഘനോദ്യൽ പട്ടികംവോത്തരം
ചൂളിംവാംഹ്രിഘനാംതദർദ്ധവിതതാം സ്തൂണോപരിന്യസ്തയേൽ
കായ്യാസ്തത്രലുപാശരാദ്രിനവനേത്രാംശിതോംഹ്രുച്ഛ്രയേ
ദചിന്ത്യംഭോധിധരാംശതോവിഹിതലംബാസപാഗ്രധാന്യാമിതാഃ 46

സ്തംഭാഗ്രവിസ്താരത്തോളം വിസ്താരമായി അതിൽ പാതി മുഴപ്പുമാ യി അടുക്കുത്തരവും ക്രടി എന്നു താൻ, ഉത്തരവിസ്താരത്തിൽ പാതി മുഴ പ്പായി ഇരിപ്പോരു അടുക്കുത്തരത്തോടും ക്രടി ഇരിക്കുന്നു എന്നു താൻ. ഇങ്ങിനെ ഇരിക്കേണം. ഉത്തരം ചൂഴികയാകിലുമാം. ആ സ്തംഭവിസ്താര ത്തോളം ഉയരം, അതിൽ പാതി ഇടം ഇവ രണ്ടാലൊന്നിനെ തുണി ന്മേൽ വെപ്പൂ, പിന്നെ ഇതിന്മേൽ കഴക്കോൽ ഇരുത്തേണം. അവി ടെ സ്തംഭദൈർഘ്യത്തെ അഞ്ചു താൻ ഏഴുതാൻ ഒമ്പതുതാൻ രണ്ടുതാൻ

---

1 ഹ്രണം.

പകുത്തു അവറ്റിൽ ക്രമത്താലെ രണ്ടു്, മൂന്നു്, നാലു്, ഒന്നു് എന്നീ അംശങ്ങളെ മേൽ കിഴിച്ചു ഉത്തരത്തിങ്കന്നു് കിഴിഞ്ഞിരിക്കേണം. കഴക്കോൽ താടിമേലെ അഗ്രത്തെ മുകന്തായത്തിന്മേൽ ഉറപ്പിച്ചിരിക്കയും വേണം. അഗ്രധാനി മുകന്തായം മുപ കഴക്കോൽ ഇതങ്ങു സമുച്ചത്തിൽ.

ഖണ്ഡോത്തരം ചരണവിസ്തൃതിതുല്യവിസ്താ-
രോത്സേധമുത്തമമതശ്ചരണോനനീവ്രം.
പത്രോത്തരം ദളവിഹീനഘനം കനിഷ്ഠം
ത്രുപോത്തരം ഘനതതീവിപരീതതോവാ. 47

സ്തംഭവിസ്താരത്തോടു തുല്യം വിസ്താരവും ഉയരവും. ഇതിന്നു ഖണ്ഡോത്തരമെന്നു പേർ. പിന്നെ ഇടം ഈ വണ്ണം, മുഴപ്പു ഇതിൽ നാലൊന്നു കുറയേ, ഇതിന്നു പത്രോത്തരമെന്നു പേർ. പിന്നെ ഇടത്തിൽ പാതിമുഴപ്പു, ഇതിന്നു ത്രുപോത്തരമെന്നു പേർ. ഇവിടെ ഖണ്ഡോത്തരം ഉത്തമം, പത്രോത്തരം മദ്ധ്യമം. ത്രുപോത്തരം അധമം. ത്രുപോത്തരത്തിന്നു ഇടവും മുഴപ്പും പകൻ കല്പിക്കിലുമാം. അപ്പോൾ ചൂഴികയായിട്ടു വരുമെന്നു അഭിപ്രായം.

ഉത്സേധേവിശിഖാംശൈ[1]തദ്വിതയതോത്രുപോത്തരേ വാജനം
ഷൾഭക്തേത്വല്പമിളാംശതോദ്വിതയതോവാസ്യാന്മഹാവാജനം
ഏതന്നിർഗ്ഗമനന്നിജാംഗവിഹിതൈസ്ത്വദ്വയുത്തര-
സ്യൈതൽനീവ്രസമുത്ര്ശ്രയോച്ഛ്രയദളാംശസ്യാതതാംപട്ടികാം 48.

ത്രുപോത്തരത്തിങ്കൽ മുഴപ്പുകൊണ്ടു മൂന്നുകുറിട്ടു രണ്ടുകൊണ്ടു ഒരു വാജനം. ഇതു മൂന്നാകുന്ന പക്ഷത്തിങ്കൽ മുഴപ്പുകൊണ്ടു ആറു കുറിട്ടാൽ കിട്ടുന്നതു തുടങ്ങി നാലംശംകൊണ്ടു വാജനം. അഞ്ചാമതും ആറാമതും കുറിട്ടു മഹാവാജനം. ഇവ രണ്ടിനും തന്റെ തന്റെ ഒരംശംകൊണ്ടു പുറപ്പാട്ടു. പിന്നെ ഉത്തരത്തിന്റെ മേലേപ്പുറത്തു അടുക്കുത്തരം വെപ്പു. ഉത്തരത്തിന്റെ മുഴപ്പോളം ഉത്തരം ഉയരത്തിൽ ഇടം. ഇങ്ങിനെ ഇരുന്നോന്നു് അടുക്കുത്തരം.

ഏകാംത്ര്യൂനാദിഖണ്ഡോച്ഛ്രയമുപരിനിധായോത്തരേവാജനംപ്രാക്
തിര്യ്ക്കുഖണ്ഡോച്ഛ്രിതാംത്ര്യൂനതബഹുളതലസ്ഥാസുവംശാനുവൃത്ത്യാ.
സപ്താഷ്ടാകാന്താജയന്തീസ്തദുപരിസുസമീകൃത്യകൃത്വാനുവംശം
നിഷ്പദ്മാക്ഷാദയേൽസേപാചിതഘനഫലകാപ്രസ്തരേണോഷ്ഠ [ഭാഗം 49

1 ംസുാമ്പെ.

നാലു മരങ്ങളുത്തരങ്ങളെപ്പോലെ തങ്ങളിൽ അറുത്തുകുട്ടി ഉത്തരത്തിന്റേറവു, അതിന്നുത്തരത്തിങ്കന്ന ഒട്ട അകത്തോട്ടും പുറത്തോട്ടും പുറപ്പാടുണ്ടായിരിക്കേണം. വാജനംപോലെ. എന്നിട്ട് അതിനും വാജനമെന്ന പേർ അതിന്ന ഒരു ദണ്ഡു താൻ മുക്കാൽ ദണ്ഡുതാൻ ഉയരമുണ്ടായിരിക്കേണം. ഇതിനെ മുമ്പെവെച്ച പിന്നെ അതിന്മേൽ വിലങ്ങെ ചില തുലാങ്ങളിരുത്തു. അവറിന്ന ഒരു ദണ്ഡു ഉയരം മുക്കാൽ ദണ്ഡു ഇടം. ഇങ്ങിനെയിരിക്കേണം. പിന്നെ ഇവറിന്റെ മേൽ ഇവറാൽ പാതി അറുത്തു ഇരുത്തു. ജയന്തികൾ എന്ന ചിലവറെ എന്ന കണ്ടിത്തുലാങ്ങൾ പിന്നെ ഇതിന്റെ മേലേടം പെത്തി നിരത്തിച്ചമെച്ചു പിന്നെ തനിക്കുചിതമാകുന്ന മുഴപ്പിന്നോട്ടുകുടി ഇരിപ്പോ ചില പലകകൾ നിരത്തി ഉത്തരത്തിന്റെ നീളത്തിന്ന തക്കവണ്ണം നാളമായി ജയന്തിയിങ്കൽ സന്ധിവരുമാറു ഉത്തരാന്തഭാഗം മേലെപ്പുറമേപ്പൂ തട്ടിട്ട.

കുഡ്യോദ്ഭവ പട്ടികോപരിമുപാക്രുട പ്രതിഷ്ഠാഗ്രകാ
സചസപാശാഹിത കണ്ണസൂത്രകമതാ മദ്ധ്യാദികോണാവധി
സ്തംഭോച്ചേശരശൈലനന്ദനയനൈർഭക്തേ ചതുർത്ഥോത്തരാ-
ത്താസാംസ്യാദവലംബനം ന യനവഹ്യാബ്ധ്യുർവ്വരാശൈക്രമാൽ 50

അടുക്കുത്തരത്തിന്ന മേലെ കഴക്കോലിരുത്തു. ഇവറിൽ അഗ്രകുടത്തിന്മേൽതാൻ ഉറപ്പിച്ച, അവ നടുവിൽനിന്നുതുടങ്ങി കോണോളമുള്ള ഇടയിൽ തന്റെ തന്റെദിക്കിലെ കണ്ണസൂത്രത്തോളം നീളമുണ്ടായിട്ട ഇരുന്നോ ചിലവ. ഇവറിന്ന് ഉത്തരത്തിങ്കന്നുള്ള കാഴ്ച മുമ്പിൽ ചൊല്ലി.

അഷ്ടാംശകാദിഗുണവിസ്തൃതികാ ഗുണാംശ-
നീവ്രാച നീവ്രഫലകോത്തരതോലുപാനാം
ദ്വിത്ര്യംഗുലാദി വിതതം ചതുരശ്രരൂപം
കർത്തവ്യമാസുവലയഞ്ച നിജാനുരൂപം. 51

കഴക്കോൽ വിസ്താരത്തിൽനിന്ന് എട്ടൊന്ന, ഏഴൊന്ന, എന്ന തുടങ്ങിയുള്ള ഈയംശം കുറഞ്ഞ വിസ്താരത്തോടും അതിൽ മൂന്നൊന്ന മുഴപ്പോടുംകുടി ഇരിക്കുന്നവ. മടപ്പലക കഴക്കോൽ പുറത്തു ഉറപ്പിക്കേണം. നീവ്ര എന്ന വാമട. പിന്നെ ഇരുവിരൽ എന്ന തുടങ്ങിയുള്ള വിസ്താരത്തോടുംകുടി സമചതുരമായി അതാതു കഴക്കോൽക്കു ഉചിതമാംവണ്ണം ഉള്ള വള ചമച്ചുവെക്കണം. ഖണ്ഡോത്തരം എന്ന തുടങ്ങി ഇത്രോടം സമുച്ചയം. ദ്വാരലക്ഷണം:—

ഗേഹവ്യാസഗജാംശകൈഃ ഗുണമിഹരാം ശേഷപ്രഭാണാംശകാൽ
കൃത്വാന്തശ്ചബഹിശ്ച കല്പിതസിരാവിന്യസ്തയോഗാന്യഥാ
ദ്വാരണ്യംകണഗേഹമദ്ധ്യസിരയോർമ്മദ്ധ്യസ്ഥമദ്ധ്യാന്യഥാ
ദദ്ധ്യാദംഗുലകല്പിതാഗമവയോനീതി പൂർവ്വാദിതഃ 52

പുരയുടെ ഇടത്തിലെട്ടൊന്നു വുവരിന്റെ മുഴുപ്പു. അതുകൊണ്ടു് പന്ത്രണ്ടു ക്രാറിട്ടു് അതിൽ ഏഴുക്രാ അകത്തും അഞ്ചു ക്രാ പുറത്തും ആകുമാറു് ഒരു സൂത്രത്തെ കല്പിച്ചു് ആ സൂത്രത്തിങ്കൽ കട്ടിലയുടെ നട്ടവരുമാം. കട്ടില വെച്ചു് വാതിൽ വെച്ചു് പിന്നെ മുറ്റത്തിന്റെ നേരെ കിഴക്കു പടിഞ്ഞാറും തെക്കുവടക്കും ഒരേ സൂത്രങ്ങളെ ഉളവാക്കി പിന്നെ പുരയ്ക്കു് നേരെ നട്ടവേയും ഓരോ സൂത്രമുണ്ടാക്കിയാൽ രണ്ടു സൂത്രങ്ങളും തങ്ങളിലൊന്നിച്ചിരിക്കയില്ല. പുരയ്ക്കു ഗമനമുണ്ടാകകൊണ്ടു് അവിടെ പുരയുടെ നട്ടവേയുള്ള സൂത്രം യാതൊന്നു. പിന്നെ മുറ്റത്തിന്റെ നട്ടവേയുള്ള സൂത്രവും, അവ രണ്ടിന്നേറെയും നേരെ നട്ടവെ ഇരിക്കേണം. കട്ടിലെ ക്രോട്ടുനേരെ നട്ടവെ അവ്വണ്ണംകണ്ടു ദ്വാരം വെക്കണം. പിന്നെ അക്കട്ടിലക്രോടിന്റെ അന്തർഭാഗം അതാതു് പുരയുടെ യോനിവരുമാറു് അംഗുലംകൊണ്ടു് ചുറ്റു കല്പിച്ചു ആയാധികമായി അന്ത്യവയസ്സുമെന്നിയെ വരുമാറു് ചുറ്റു കല്പിച്ചുകൊള്ളണം. ഇതിനെയുണ്ടു് വിസ്തരിച്ചു ചൊല്ലീട്ടു് സമുച്ചയത്തിൽ.

കുയ്യാത സവ്വസുരേഷ്വശൈലവസുനന്ദാംശാം ശരീരത്ര്യച് ശ്രയേ
ദ്വാരോത്സേധമിഹൈക ഭാഗരഹിതം വിസ്തീർണ്ണമാത്മാദ്ധതഃ
യോഗാസ്തംഭസമാദ്ധ പാദളവിസ്തീർണ്ണസ്തുരൽവാജനെ
വിസ്താരാദ്ധഘനെ ഭവംഗമപതംഗാഡ്യേ ചമൂലാഗ്രയോഃ 53

അധിഷ്ഠാനഭിത്തിയിങ്കന്നു തുടങ്ങി ഉത്തരത്തോളമുള്ള കാലിവരത്തെ ഏഴുതാനൊട്ടുതാൻ പകുത്തു ഇതിൽ ഒരു ക്രാകളഞ്ഞശേഷം കാലിവരത്തിന്റെ നീളം യാതൊന്നു അതിനോടു തുല്യമായിരിക്കും. ഉമ്മരപ്പടിയും മേപ്പടിയും തങ്ങളിലുള്ള അന്തരാളം, അതിൽപാതി വിസ്താരം കണ്ടു് കട്ടളയും തങ്ങളിലുള്ള അകലം യോഗങ്ങളെന്നും കട്ടിലകം, അതിന്റെ ഇടം സ്തംഭവിസ്താരത്തോളംതാൻ തന്നിൽ നാലൊന്നു് ക്രടിയിരിക്കുന്ന സ്തംഭവിസ്താരംതാൻ തന്നിൽ പാതി ക്രടിയതുതാൻ ആയിട്ടിരിക്കും. ഒതുക്കുകളായിട്ടു പാശ്വത്തിങ്കൽ ഉള്ളതു് വാജനങ്ങളാകുന്നതു്. അവറേറാടുക്രടി ഇരിക്കേണം. തന്റെ ഇടത്തിൽ പാതി മുഴുപ്പു പിന്നെ മൂലത്തി

ങ്കൽ ഭ്രവംഗമത്തോട്ടുകൂടി ഇരിക്കേണം കട്ടിളകൾ. ഭ്രവംഗമം=ഉമ്മറപ്പടി. പതംഗമം=മേപ്പടി. ഇങ്ങിനെ ചമക്കേണം കട്ടിളക്രുട്ടം.

ദ്വാരോത്സേധനിയുക്തശേഷചരണോത്സേധേശരാംശീകൃതേ
ദ്വ്യംശേനാധരപട്ടികാമിത..നാംസാർദ്ധേനവാംശിതേ
ഹീനാംവാജനകേനയോഗവിതതാംശിഷ്ടാംശതഃപട്ടികാം
ഉർദ്ധ്വസ്ഥാമഥമംഗളാഢ്യഫലകായുക്തൗർദ്ധ്വപട്ടൗർദ്ധ്വത. 54

ഇങ്ങിനെ ഉമ്മറപ്പടിയോട്ടു മേപ്പടിയോട്ടു ഇടകിഴിച്ചു ശേഷമുള്ള കാലിവരത്തെ അഞ്ചു പകുത്തതിൽ രണ്ടു ക്രുകൊണ്ടു മുഴപ്പു എന്നാകിലുമാം. ഉമ്മറപ്പടിക്കു വാജനമില്ലാ എന്ന വിശേഷം. ഇതിന്നു കട്ടിള ഇടം. പിന്നെ ശേഷിച്ചതിലൊരംശംകൊണ്ടു മേപ്പടി. പിന്നെ മേപ്പടിയുടെ മേലെ ശ്രീഭവതി എന്നു തുടങ്ങിയുള്ള മൂത്തികളോട്ടു ക്രുടിയിരിക്കും. മംഗളപ്പലക അതിന്നു തക്കവണ്ണം ചമെപ്പൂ.

ദണ്ഡാബ്ജ്യംഗമരംഗജാംശബഹുളം താവദ്ധൃതദ്വാട്ടള-
വ്യാസംമൂലശിഖായുതം ദ്വിഗുണതരംകായ്യംകവാടദ്വയം
കായ്യവാമകവാടരോപിതപരാൾഭാഗാർദ്ധനീവ്രാതത-
സ്ഥദ്വിഷ്ണുപ്രതതാചസൂത്രഫലകാസൂദ്യൽസ്ഥനാദ്യുജ്ജലാ. 55

സ്തംഭാഗ്രവിസ്താരത്തിൽ നാലൊന്നു താൻ, ആറൊന്നു താൻ, എട്ടൊന്നു താൻ മുഴപ്പും ദ്വാരാർദ്ധത്തിൽ പാതിയും ഇമ്മുഴപ്പും ക്രുടിയോളം ഇടവും മൂന്നാട്ടിലും അഗ്രത്തിങ്കലും ഉറെപ്പോളം കട്ടമയുംക്രുടി രണ്ടു വാതിൽ വെക്കണം. പിന്നെ സൂത്രപട്ടികയും ഉണ്ടാക്കേണം. അസ്സൂത്രപ്പട്ടികയുടെ പിമ്പു് ഇടത്തു പുറത്തെ വാതിലിന്മേലേറിയിരിക്കേണം. വാതിലും മുഴപ്പിൽ പാതി മുഴപ്പു്. വാതിലൂടെ മുഴപ്പിൽ ഇരട്ടി ഇടം. നല്ലോ ചില മൂലകൾ. അവറിന്നു മദ്ധ്യേ ചില മൂത്തികൾ, നല്ല പൂവുകൾ എന്നു തുടങ്ങിയുള്ളവറേറാട്ടുക്രുടി ചമക്കേണം. സൂത്രപ്പട്ടിക:-

ഉർവ്വാധരപ്രമളകാർഗ്ഗളസന്ധിവാല്യാ
പ്രക്ഷേപണീയവലയാന്യപിചിത്രകാണീ
തിര്യഗ്ഗതാ പുളകാത്തവകാഗളാനി
സശ്രീമുഖേന്ദുശകലാനികവാടയോസ്സ്യുഃ 56

മേൽമതികം, കീഴു് തിരുമുറി, സൂത്രപ്പട്ടിക തഴത്, കുമുടത്തക്കുറി, വട്ടക്കണ്ണി, പത്രങ്ങൾമേലും കീഴും വിലങ്ങയും ഉള്ളവ. പിന്നെ

ചെറിയമൊട്ട്, വിരിഞ്ഞ പൂവ്, വലിയ മൊട്ട് ഇവ ഇരുന്നുകൊണ്ടു താൻ വാത്തു താനുണ്ടാക്കേണം. വാതിലിന്മേലും. ഇവ നാലു ശ്ലോകവും സമുച്ചയത്തിലുള്ളൂ. അനന്തരം ചെറുവാതിലും കോൺകെട്ടും:—

ആശാഷ്ഠസ്ഥിതിസൂത്രഭേദിനിഗൃഹേഷഷ്ഠേ വാസപ്തമേ
സൂത്രേദ്വാരമരം . . . വിതന്വയുഷ്പാലാസു സർവ്വാദ്ധകേ.
സിംഹാക്ഷദ്വിപയോനി കേതുവിതതഞ്ചാശാദ്വി കണ്ണാലയം
മിത്രെ ദക്ഷിണപശ്ചിമേ പുനരുദക്പ്രാഗ്വേ ച ശേഷേ....? 57

ഒരു പുരകൊണ്ടു് പത്തുക്കെത്താൻ ആറാംസൂത്രത്തിങ്കൽ ദ്വാരമദ്ധ്യം വരും. മുപ്പുറത്തേതിൽ വെക്കേണ്ടു. പുറത്തുനിന്നു അകത്തുടെ പോകുമ്പോൾ പുരയുടെ വാതിൽക്കൽ ഇടത്തുടെ അകപ്പെടേണം. അകത്തുനിന്നു പുറത്തു പുറപ്പെട്ടുമ്പോൾ ഇടത്തുവാതിലിന്മേൽ സൂത്രപ്പട്ടിക തറക്കേണ്ടു എന്ന വിശേഷം. പിന്നെ പുരകൊണ്ടു് പന്ത്രണ്ടു പകുത്താൽ ഏഴാം സൂത്രത്തിലുമാം. പിന്നെ കോൺകെട്ടുകൾ. അഗ്നികോണിലേതു തെക്കിനേതിന്റെ ഉത്തരങ്ങൾ കിഴക്കോട്ടുനീക്കി സിംഹയോനിയായി ചമക്കേണ്ടു. നിർ്വൃതികോണിലേതു പടിഞ്ഞാറിന്റെ ശേഷമായി വൃഷയോനിയായിട്ടു ചമപ്പു. വായുകോണിൽ വടക്കിനേതു് പടിഞ്ഞാറോട്ടു നീട്ടി ഗജയോനിയായിട്ടു്. ഈശകോണിലേതു് കിഴക്കിനേതു നീക്കീട്ടും ദ്ധ്വജയോനിയായിട്ടു ചമക്കേണ്ടു. പിന്നെ തെക്കിനേതും പടിഞ്ഞാറേതും തങ്ങളിൽ ബന്ധു. കിഴക്കിനേതും വടക്കിനേതും തങ്ങളിൽ ബന്ധു, എന്നതുകൊണ്ടു ഒന്നിലകത്തുപോരുമ്പോൾ അതിന്നു ബന്ധുവാകുന്നതിന്നുകൂടി അർത്ഥമുണ്ടു് എന്നു ചൊല്ലിയതു.

ശാലാശ്ചോമുഖജന്മനാമിഹ ചതസ്രാന്യോന്യ ഭിന്നാദിശാ
സ്വന്തസ്ഥദ്ധ്വജയോനികാഹിത സീരാനീതസ്ഥമദ്ധ്യാഃക്രമാൽ
യാമാദ്യന്നവശൈല ബാണഗണസംഖ്യാതൈഃപരി[1]ത്യംഗുലൈഃ
അന്യോന്യാകുലിതൈക യോനികചതുശ്ശാലംഗൃഹംഭ്രാജാം. 58

ഇങ്ങിനെ പുര ചമയ്ക്കുന്ന ബ്രാഹ്മണക്കു് എങ്കിലും നടുമുറ്റത്തിന്റെ നാലുദിക്കിങ്കിലും തങ്ങളിൽ പെട്ട തന്റെ തന്റെ യോനിയോടും കൂടി ഇരിക്കേണം. പുരകൾ പിന്നെ ഏകയോനിയായിരിക്കേണം. നടുമുറ്റത്തിന്റെ മദ്ധ്യസൂത്രങ്ങളിൽനിന്നു പുരകളുടെ മദ്ധ്യസൂത്രപ്രദക്ഷിണമായി നീങ്ങി ഇരിക്കേണം. അവിടെ കിഴക്കിനേതു് തെക്കോട്ടു്, തെക്കിനേതു് പടിഞ്ഞാറോട്ടു് എന്നിങ്ങിനെ, അവിടെ തെക്കിനേതു്

1 യുംഗ്.

ഒമ്പതഹ്തലം പടിഞ്ഞാറുനോക്കി, പടിഞ്ഞാറേത് ഏഴഹ്തലം നീങ്ങി ച്ചുമക്കേണം. ഇതിന്നു ഭിന്നശാല എന്നു പേർ. ഇങ്ങിനെ ബ്രാഹ്മണരുടെ ഗൃഹം. പിന്നെ നാലുപുരയുടേയും പുറത്തെയോനിയെ ഉയരങ്ങൾ നാലുനീട്ടിത്തങ്ങളിൽ ക്കുട്ടി ഒരു ചതുരശ്രമായി ചമപ്പു. പിന്നെ അകത്തെ ഉത്തരങ്ങൾ ക്കുട്ടീട്ടും ഒരു ചതുരശ്രമുണ്ടാക്കു. അവ രണ്ടുമുറവുമേകയോനിയായിട്ടമിരിപ്പു. ദ്വിഗൃഹങ്ങളുടെ പുറത്തെ ചുറുകൊണ്ടു ഗൃഹങ്ങളുടെ പുറത്തേ ചുറുമേകയോനിയായിട്ടു ഇരിക്കേണം. അതിന്നു ചതുരശ്രശാല എന്നു പേർ. അതു രാജാക്കന്മാക്കു വേണ്ടതു.

പശ്ചിമസ്ഥദ്വാജമാദധീതചതുരശ്രംമദ്ധ്യതശ്ചാംകണം
തൽപാശ്വേ പ്രതിപത്രമാനമപരഞ്ചാദ്യന്തരംകേതനം.
തത്തുല്യസ്രയുജോത്തകോണചതുരശ്രേഷ്ടത്തരാന്തർദ്വാജം
യുക്തദ്വാത്തരവിസ്തൃതിഞ്ചജനയേത്തുമസ്രശാലാവിധൌ. 59

നാലുപുരയുടേയും പുറത്തേ ഉത്തരം നാലും ക്കുടിയുള്ള ചതുരശ്രവും അകത്തെ പാദകം നാലുംക്കുടിയുള്ള ചതുരശ്രവും ഇമ്മുറമാക്കുന്ന ചതുരശ്രത്തിങ്കലേയും പുറത്തേ ഉത്തരത്തിന്റേയും പുറമേയുള്ള പത്രമാനപ്പുറം എന്ന അധിഷ്ഠാനത്തിന്റെയും ചുറു. അതും പിന്നെ നാലു ഗൃഹത്തിന്റേയും വേറ്റേറെ ഉള്ള ചുറു. അതും ഉത്തരത്തിന്റെ പുറം അവിടെ കണക്കാക്കുന്നതു. പിന്നെ അടുത്ത ഈ രണ്ടു ഗൃഹം ക്കുട്ടീട്ടു ഒരു കോണഗൃഹമുണ്ടാക്കുന്നതിന്നു ഉത്തരത്തിങ്കലെ അന്തർഭാഗത്തിങ്കലെ ചുറു കണക്കാക്കുന്നതു. അതും ഇവയെല്ലാം വെവ്വേറെ ദ്വാജയോനിയായിട്ടമിരിക്കേണം. ഈ വണ്ണം വരേണ്ടിവരുമ്പോൾ ഉത്തരവിസ്താരത്തിന്നും ഒരു നിയമമുണ്ടാക്കേണ്ടിവരും. അതിന്റേതാക.

ദ്വാനാൽബാഹ്യാന്നിജേഷ്ടാദ്രയഹയ്യമിതീമാഭ്യന്തരീശേഷമാനാൽ
കോണാബ്ജ്യാശ്രോദരോദ്യൽഭുജമിശിതധിരഷ്ടനിഘ്നംവിജഹ്യാൽ
തച്ഛ്രേഷാർദ്ധത്തരാണാമപിജനയതുവിഷ്കുംഭമഷ്ടാംശതോമൂ-
ന്യാപഹ്യാന്തായതാന്യാകലയതുചചതുർദ്ദിക്ഷുബാഹ്യാന്തരാണി. 60

അവിടെ ഇച്ചൊല്ലിയവയെല്ലാം ഏകയോനിയായിട്ടു വരേണ്ടുമ്പോൾ ഇതു ഉത്തരത്തിന്റെ നീളം ഇതു അകങ്ങളുടെ ഇടം എന്നു കണക്കു കണ്ടു കല്പിച്ചാൽ ഉത്തരത്തിന്റെ പുറച്ചുററിങ്കൽനിന്നു അകച്ചുറുകളുഞ്ഞു ശേഷത്തിങ്കൽനിന്നു കോണഗൃഹത്തിന്റെ അകത്തെ ചുറിന്റെ ഒരു പുറത്തെ നീളത്തെ എട്ടിൽ ഗുണിച്ചു കളയു. പിന്നെ ശേഷത്തെ

പതിനാറിൽ ഹരിപ്പൂ. അവിടെ ഉണ്ടാക്കുന്ന ഫലം ഉത്തരവിസ്താരമായി കല്പിച്ചാൽ ഇക്കണക്കുകളൊക്കെ അടങ്ങിയിരിക്കും. പിന്നെ ഉത്തരങ്ങൾ അകത്തേവയും പുറത്തോളം നീട്ടിയിരിക്കേണം. ഇങ്ങിനെ ചതുരശ്രശാല. ഇവിടെ എൺപതുകോൽ പുറത്തേ മുറവ്. നാല്പതുമുക്കോൽ അകത്തെ മുറവ്. ഏഴുവരൽ ഉത്തരം കല്പിക്കുമ്പോൾ ചതുരശ്രശാലയുടെ കണക്ക് എല്ലാറ്റിലും ചുരുങ്ങിയതുണ്ടാകും.

കൃതപാദ്വാഹ്യാന്തരമിതിമിമാമുക്തക്ഷ്ത്രാനതോന്യാ-
ട്ടിക്കോണോദ്യൽഗൃഹപരിമിതിംയോനിഭേദോപപന്നാം.
കുര്യാദ്യുക്ത്യാമിതിഷുകുശലഃസാ[1]തുതുമ്മശ്രശാലാ
പ്രാഗപംമദ്ധ്യകണവിലസിതാസ്യാൽ പുനർഭിന്നശാലാ. 61

ഉത്തരത്തിന്റെ പുറപ്പുയ്യ്[2]ന്നം ചതുരശ്രമായി ഏകയോനിയായി അതിലുയ്യുന്നതും മുമ്പിൽ ചൊല്ലിയവണ്ണംതന്നെ ഏകയോനിയായിട്ടുമാവു പിന്നെ ഈ ചതുരശ്രശാലയിങ്കൽ ദിഗ്ഗൃഹങ്ങൾ ഋജുസിംഹാദികളാക്കിട്ടുമാവു"

"സിംഹോക്ഷദ്വിപകേതുയോനിവിഹിതശ്ചാന്യാദികോണാലയം"
എന്നു ചൊല്ലിയവണ്ണം കോണഗൃഹങ്ങളും അതാതുയോനിക്കു വിധിച്ച യോനിഭേദത്തോടുംകൂടി ചമക്കേണം. ബുദ്ധികൌശലംകൊണ്ടു ഊഹിക്കേണം. നടുമുറവും ഋജുയോനിയായിട്ടും വരേണം. ഇങ്ങിനെയിരിക്കുന്ന ചതുരശ്രശാലയിൽ ഭിന്നശാലാ.

ദിഗ്ഗേഹാനിവിദിക്കൃഹൈരഭിമതൈയ്യോനിപ്രഭിന്നേഭിദ്ര[3]—
ശ്ലിഷ്ടാനിഹകൃഹിർ[4]തൈസ്തുപരിതഃസംമാധമദ്ധ്യങ്കണം.
ശ്ലിഷ്ടാനാന്തുമിശ്രോഭവെദിഹമിതിസ്സംഭ്രയധാമ്നാ[5]ഋജുത
ങ്ഗാഭിന്നാസൈകവിദിശ്യസത്യപിപുനസ്തുശ്രശാലാമതാ 62

പൂർവ്വാദിദിക്കുകളിലെ ഗൃഹങ്ങളോട് കൂട്ടുകയാലന്യോന്യം ഒരുമിച്ചിരിക്കും. ചതുരശാലക്കു ചൊല്ലിയതുപോലെ അകത്തും പുറത്തും ഉത്തരം നീളത്തോളം നീങ്ങിരിപ്പൂ. അഗ്ഗൃഹങ്ങൾ പിന്നെ ദിഗ്വിദിക്കുകളിൽ വിധിച്ച ഈ യോനിഭേദത്തോടുകൂടിയിരിപ്പൂ. പുറത്തെ ഉത്തരങ്ങൾ നാലും ഒത്തിരിക്കയും വേണം. അകത്തെ മുറവും പുറത്തെ ഉത്തരങ്ങളൊക്കെ കൂടിയ പുറംഋജുയോനിയായിട്ടിരിക്കേണം. അവിടേയും ഒരു കോണിലെ ഗൃഹം കൂട്ടാതെ ഇരിക്കയും വേണം. അവിടേയും കൂറിയ ഉത്ത

1 ചതുമ്മി. 2 ന്തം. 3 തഃ 4 മീതൈ. 5 മ്മൊദ്ധ്വജം

രങ്ങൾ രണ്ടിന്റേറയും നീളത്തെ പരിഗ്രഹിക്കേണം. അത് ഭിന്നശാല യിൽ ചതുരശ്രശാല ഇങ്ങിനെ ശാലഭേദങ്ങൾ.

പ്രാച്യേചാഗ്നിസമച്ഛ്നാദികമുദീചീനൈകൃഡുംബാദികം
വ്യത്യസ്യപ്രകരോത്തുവാദ്യയമിദംയാമ്യേതിഥിപ്രീണനം.
പാശ്ചാത്യേധനസന്നിധാപനമതോദഗ്ദ്വന്ദ്വംവിപശ്ചിത്സ്യവാ
ശേഷാദ്ധോത്തരയോഃശ്രയനവിദ്യാഭ്യാസനാദ്യംചരേൽ 63

കിഴക്കിനേതിൽ ഔപാസനം അഗ്നിഹോത്രം വേതവന്മാം എന്നി വറിന്റെ പൂജാം. വടക്കിനേതിൽ സ്ത്രീകൾക്കും കിടാങ്ങൾക്കും ഇരി പ്പാൻ അശനം ചെയ്യാൻ എന്നു തുടങ്ങിയുള്ളവ ചെയ്വൂ. പിന്നെ കി ഴക്കിനേതിൽ ചൊല്ലിയതെല്ലാം വടക്കിനേതിൽ, വടക്കിനേതിൽ ചൊ ല്ലിയതെല്ലാം കിഴക്കിനേതിൽ; എന്നിങ്ങിനെ പകർന്നിട്ടാകിലുമാം. പി ന്നെ തെക്കിനേതിലൊരു മുറിയിൽ അതിഥിസല്ക്കാരത്തെ, പടിഞ്ഞാ റേതിലൊരു മുറിയിൽ ദ്രവ്യസംഗ്രഹം. അവിടേയും രണ്ടിലും ചൊല്ലി യതു പകർന്നിട്ടാകിലുമാം. പിന്നേയും രണ്ടിന്റേറയും മറെറ മുറികളിൽ ഒന്നിൽ കിടക്കയും ഒന്നിൽ വിദ്യാഭ്യാസത്തെ ചെയ്വൂ

അനന്തരം ക്രൂപതടാകാദികളുടേയും പുറത്തേ ശോശാലാദികളുടേയും സ്ഥാനങ്ങളെ വിധിപ്പാൻ പദകല്പനത്തെ ചെയ്യുന്നു.

കൃതപാദിങ്നവമാഗവഗ്രപദഭിന്നാക്ഷേത്രകേന്ദ്രത്തെ-
രഷ്ട്യംകാഗ്ന്യിപദൈവിധാതുപദയുക്തംപ്രാഞ്ജ്[6]നംമദ്ധ്യതഃ
ശാലാപത്തിയുജാഗ്ന്യകാദികജഷാസാ[7]നബാഹ്യതസ്ഥൽബഹി-
ർഗ്രോഷ്ഠോലൂഖലവേശ്മകാദിവിലസൽപ[8]ക്ത്യാവൃതംകല്പയേൽ. 64

പറമ്പുകൊണ്ടു നടുമുറ്റം നടുവാകുമാറു് ഒരു ചതുരശ്രത്തെ കല്പിച്ചു പിന്നെ അതിനെക്കൊണ്ടു നൂതാൻ എൺപത്തൊന്നതാൻ അറുപ ത്തിനാലുതാൻ ഖണ്ഡമായി കല്പിച്ചു അവറിൽ നടുവിലെ ഖണ്ഡങ്ങളെ ക്കൊണ്ടു നടുമുറ്റം അടങ്ങുക വേണ്ടുവത്. അവ്വണ്ണം ആ ചതുരശ്രത്തെ കല്പിക്ക വേണ്ടൂ അവിടെ ഖണ്ഡം നൂറാക്കി കല്പിച്ചാകിൽ പതിനാ റു ഖണ്ഡംകൊണ്ടു നടുമുറ്റം അടങ്ങേണം. പിന്നെ എൺപത്തൊന്നെ ങ്കിൽ ഒമ്പതു ഖണ്ഡംകൊണ്ടു നടുമുറ്റം. അതു ബ്രഹ്മപദം. പിന്നെ ഇതിന്നു പുറമേ ഈ രണ്ടു വരികളെക്കൊണ്ടു ആഗ്ന്യാദിസ്ഥാനങ്ങളിൽ ദിഗ്വിദിക്പദങ്ങൾ. പിന്നെ അതിന്റെ പുറത്തു ഒരു വരിയുള്ളതിനെ ക്കൊണ്ടു് തൊഴുത്തു്, ഒരറ്റപ്പുര, എന്നു തുടങ്ങിയുള്ളവറെറ ചമപ്പു.

---

6 ങ്ഗ. 7 ഴ 8 പം.

അവറെറ ചൊല്ലുന്നു.

മാഹേന്ദ്രേസലിലാധിരജ്ജിമതടാകംക്രൂപമൈശാനകെ
പജ്ജന്യോപചനാലയംശിഖിനിവാളക്ഷ്യാലയംതൽബഹിഃ
കാത്ത്യന്ത്യാംഖളസത്മനൈരൃതപദെകൂച്ചീതധാന്യാലയം
ഗോശൃലാംബുപതെന്നരഹാവപിസമീരെധാമചോല്യൂഖലം 65

കുളം കുഴിക്കേണ്ടു നേരേ കിഴക്കും പടിഞ്ഞാറും. കിണറ് ഈശാന കോണിൽ. അടുക്കള ഈശാനകോണിനകത്ത്. തെക്കെ അഗ്നികോണി ലുമാം. ഉണ്ണാനിരിക്കുന്ന പുര അവറിന്നു് അടുത്തവ. മററ് നേരേതെക്കു്. കളക്കൊട്ടിൽ നിരൃതികോണിൽ ധാന്യങ്ങളെ സംഗ്രഹിപ്പാൻ തൊഴുത്ത് നേരേ പടിഞ്ഞാറുതാൻ കിഴക്കുതാൻ. ഉരൽപുര വായുകോണിൽ.

മദ്ധ്യബ്രഹ്മഗൃഹംയുപാസ്ഥിതിഗൃഹംമിത്രെവിഹാരോനിലേ
വ്യായാമോഗ്നിളകേധനം ധനപതെന്നസ്നാനാദിപാർജ്ജന്യകെ
ഈശാച്ച്യാദ്യപദളകൃതിസത്മവരുണെന്നുത്താദിഗാന്ധർവ്വകെ
ശസ്ത്രാദ്യംനിരൃതെന്നഗൃഹക്ഷതപദെശയ്യാഗൃഹംഭൂഭുജാം. 66

രാജഗൃഹത്തിങ്കലെ വിശേഷം. ബ്രാഹ്മണക്കു ഇരിപ്പാനുള്ള ഗൃഹം. നടുമുറത്തു, രാജാവിന്റെ ആസ്ഥാനഗൃഹം വായുകോണിൽ അകത്തെ ചുററിൽ, ക്രീഡാഗൃഹം വായുകോണിൽ പുറത്തെ ചുററിൽ, ആയുധവിദ്യാഭ്യാസഗൃഹം നേരേ വടക്കു്, അടുത്ത കിഴക്കു് ധനം സംഗ്രഹിക്കുന്ന ഗൃഹം, നേരേ വടക്കു കുളിപ്പാൻ തുടങ്ങിയുള്ള ഗൃഹം, ഈശാന കോണിന്നടുത്തു തെക്കു് തേവാരിപ്പാൻ, ഈശാനകോണിൽ ഉറങ്ങിന്നു, നേരേ പടിഞ്ഞാറു നാടകശാല, നേരേ തെക്കുന്നടുത്തു് പടിഞ്ഞാറു് ആയുധം സംഗ്രഹിപ്പാൻ, നിരൃതികോണിൽ ഗർഭഗൃഹം തെക്കുന്നടുത്ത കിഴക്കു്. ഇങ്ങിനെ രാജാവിന്നു വിശേഷിച്ചുള്ളവ.

പടിപ്പുര:—

ദണ്ഡാൽപ്രാങ്കണമദ്ധ്യതോബ്ധിശരഷൾസപ്താദിസംഖ്യാവ്യതീ-
ത്യാദദ്ധ്യാദഥ പൌഷ്ടദന്തികപദെദ്വാരംപ്രമാണോദിതം
ഭല്ലാടേന്ദ്രഗൃഹർക്ഷതേഷ്വപിമഹാദ്വാരാണ്യുപദ്വാരകാ-
ന്യഷ്ടാശാന്തഭൃശാദികേഷ്വപരിതഃപഞ്ജന്യനിഷ്കേഷ്വപി 67

നടുമുറത്തിൽനിന്നു് നാലു, അഞ്ചു, ആറു, ഏഴു് തുടങ്ങി കിഴിച്ചു നേരെ പടിഞ്ഞാറുനിന്നടുത്ത തെക്കെ വലിയ പടിപ്പുര ഗോപുരങ്ങളാ

---

1 നു.

കിലുമാം. പിന്നെ ചെറിയ പടിപ്പുരകൾ എട്ടു്. അവറിന്റെ എട്ടു ദിക്കിലും അടുത്ത വലുത്തു നീങ്ങി വേണ്ടു. കിഴക്കു തുടങ്ങി. ഈശാനകോണു് ഒടുക്കമായി ഇപ്പൊല്ലിയ ദിക്കിൽ ചെറിയ പടിപ്പുര ചമെപ്പു.

ഇടക്കെട്ടു:—

കൃയ്യാൽപ്രാങ്കണതോഗമാഗമകൃതെ ദ്വാരാമഹൽപാദ്ധകെ
ഹസ്തൈർവ്വാംഗുലികൈഃപ്രകല്പിതശുഭായാദ്യത്രയുഡ്ഡോത്തരം
സപ്തായാമപ്രതിഭക്രമ രുദ്രദശനദ്വന്ദ്വാംശ വിസ്താരതഃ
തൽഖണ്ഡാല്പഘനാംഘ്രിയുഗ്മവിലസൽ മാംഗല്യപട്യാദികം 68

നടുമുറ്റത്തിന്നു പുറത്തുക്രൂടെ പോകയും വരികയും ചെയ്വാനായിക്കൊണ്ടുള്ള വലിയ ഇടക്കെട്ടു് വാതിൽക്കൽ പാദുകത്തിൽതന്നെ ഉത്തരത്തോളം നീളമുള്ളൊരു രണ്ടുകട്ടളക്കാൽ അവ കോൽകൊണ്ടുതാൻ അംഗുലംകൊണ്ടുതാൻ കല്പിച്ചിരിക്കുന്ന ആയവ്യയാദികളോടുംക്രൂടി അഗ്രം ഉത്തരത്തിന്മേലേക്കുമാറി, പിന്നെ നീളംകൊണ്ടു് പകുത്തിട്ടു ഉള്ള പതിനൊന്നു, പത്തു്, ഒമ്പതു്, എട്ടു് എന്നീ അംഗുലങ്ങളാൽ ഒന്നുകൊണ്ടു് കട്ടിളയുടെ ഇടം. അതിൽ പാതി മുഴുപ്പു്. ഇങ്ങിനെ ഇരിക്കുന്ന ചില കട്ടിളകൾ പിന്നേതിന്മേൽ പടിമേലേയുള്ള മാംഗല്യപട്ടികകളോടുംക്രൂടി ഇരിക്കേണം. ഇങ്ങിനെ ഇരുന്നോന്നു വലിയ കട്ടില. ഇടക്കെട്ടു അധിഷ്ഠാനോപരി. പാദപീഠം സുശില്പിതം.

ഉത്തരേണഘനസ്തംഭകണ്ണ്നാസ്യതതീമതാ
ല്യപാസ്തംഭാദിസംഖ്യാനാം സുമതംകല്പ്യതേബുധൈഃ 69
സ്യാദഗ്ര്യോഭാസ്യതേതൽപാദാദ്ധോനസമോച്ഛ്രയഃ
ആപവൽസമ2യോക്രൂപം കൃയ്യാദിദ്രുജയേഥവാ. 70
യനാംഗാദിഷുവൃക്ഷംസ്യാൽ സിംഹപീഠാസനാദിഷു
ക്രൂപദണ്ഡാദിഷുവൃഷഃപയ്യംകാദിഷചിദ്ഭ്രുഭോ 71
യവൈരാഭരണാദീനാം സിംഹപീഠാസനാദിഷു
അനാമികാംഗുലദ്വന്ദ്വപ്രമാണേ നായുധാദിഷു. 72
മുഷ്ടിഭിർയ്യുജ്ഞപാത്രാദൌ താലേനപ്രതിമാദിഷു
വിതസ്തിമാനതോഗ്രാഹ്യം വധൂപ്രാവരണാദികം 73
ഗേഹാദീനാന്തുഹസ്തേന വസ്ത്രാദ്ധ്യേനകീർത്തിതം


ഇതി വാസ്തുലക്ഷണം
സമാപ്തം.

കിഴക്ക്

ഈശാനവണ്ഡം
അഗ്നിവണ്ഡം
ബ്രഹ്മസൂത്രം
യമസൂത്രം
വായുവണ്ഡം
നിഋതിവണ്ഡം

കിഴക്ക്

ഈശാനവണ്ഡം
അഗ്നിവണ്ഡം
കണ്ണി
മരണസൂത്രം
വായുവണ്ഡം
നിഋതിവണ്ഡം


പിശാചവീഥി
ദേവവീഥി
കുബേരവീഥി
യമവീഥി
നാഗവീഥി
ഇലവീഥി
അഗ്നിവീഥി
വിനായക
ബ്രഹ്മ

ശില്പവിഷയം

ഒരിക്കോൽ കിഴക്കിനേതിന്നു് മുക്കോൽ ചുറ്റു്, പൂണ്ണായം, അയ് മ്പത്തുവ്യയം, ഋജ്വംശയോനി, ബാല്യം വയസ്സു്, ചതയംനാളു്, അപരപക്ഷത്തു് നവമി പക്കം, ആനക്കരണം, ചൊവ്വാഴ്ച. കടമ്പുവൃക്ഷം, മയിൽപക്ഷി, ഇതു് മദ്ധ്യമം; മുല്ലത്തറ പട്ടപ്പാൻ കൊള്ളാം.

ഇരിക്കോൽ കിഴക്കിനേതിന്നു് അഞ്ചുകോൽ പതിനാറു് വിരൽ ചുറ്റു് ഒയ്മ്പതു് കൊൽ എട്ടുവിരലായം മുന്നു വ്യയം ഋജ്വംശയോനി ബാല്യം വയസ്സു് മൂലം. ഇരുപതുനാഴിക അപരപക്ഷപ്രതിപദം ഇരിപതുനാഴിക പുലിക്കരണം ബുധനാഴ്ച പയനവൃക്ഷം കോഴിപക്ഷി ബുധനാഴ്ചയും മൂലവും ക്രൂടിയാൽ മൃത്യുയോഗം. എന്നാൽ മദ്ധ്യമം.

മുക്കോൽ കിഴക്കിനേതിന്നു എട്ടുകോൽ എട്ടുവിരൽ ചുറ്റു് ആറു് കോൽ പതിനാറുവിരലായം പതിനൊന്നു് വ്യയം ഋജ്വംശം, യോനി, കൌമാരം വയസ്സു്, അസ്തം നാല്പതു് നാഴിക പൂർവ്വസപ്തമി നാല്പതു്നാഴിക ചെല്ലം പത്തുക്കരണം, അമ്പാഴം വൃക്ഷം കാക്കപക്ഷി ബുധനാഴ്ച കൊള്ളരുതു്.

നാലു് കൊൽ കിഴക്കിനേതിന്നു പതിനൊന്നു കോൽ ചുറ്റു് നാലായം അഞ്ചുവ്യയം ഋജ്വംശയോനി യൌവ്വനം വയസ്സു് പുണർതം അപരത്രയോദശി പത്തുക്കരണം. ബുധനാഴ്ച, മുള വൃക്ഷം ചെമ്പോത്തു് പക്ഷി. ഇതു് കൊള്ളരുതു്.

അഞ്ചുകോൽ കിഴക്കിനേതിന്നു് പതിമൂന്നു കോലു് പതിനാറു് വിരൽ ചുറ്റു് ഒരുക്കോൽ എട്ടുവിരലായം. പതിമൂന്നുവ്യയം ഋജ്വംശയോനി, വാർദ്ധകം വയസ്സു്, ഭരണിയിൽ ഇരുപതു്നാഴിക അപരപഞ്ചമി. ഇരുപതു് നാഴിക, പന്നിക്കരണം. വ്യാഴാഴ്ച, നെല്ലിവൃക്ഷം. പെരുംപുള്ളു് പക്ഷി കൊള്ളരുതു്.

ആറുകോൽ കിഴക്കിനേതിന്നു പതിനാറ്കോലു് എട്ടുവിരൽ ചുറ്റു് പത്തുകോലു് പതിനാറ്വിരലായം ഏഴ്വ്യയം. ഋജ്വംശയോനി വാർദ്ധക്യം വയസ്സു്. അവിട്ടം നാല്പതു നാഴിക, പൂർവ്വൈകാദശി നാല്പതു്

നാഴിക വിഷ്ടിക്കരണം, വ്യാഴാഴ്ച, പഞ്ഞിവൃക്ഷം. വസു നക്ഷത്രദേവത, മയിൽപക്ഷി, യമൻതിഥിദേവത, ആറുകാലം ഭ്രതോദയം മദ്ധ്യമം കൊള്ളൂ.

ഏഴുകോൽ കിഴക്കിനേതിന്നു പത്തായ്മ്പതു് കോൽ ചുറ്റ് ആറായം എട്ടവ്യയം ഒന്നു ദ്ധ്വജം യോനി. മരണയോഗമുണ്ടു. അനിഴം നാൾ, പൂവ്വദ്വിതീയ, പന്നിക്കരണം, വ്യാഴാഴ്ച, ഇലഞ്ഞിവൃക്ഷം, കാക്കപക്ഷി. ഇതു കൊള്ളരുതു്.

എട്ടുകോൽ കിഴക്കിനേതിന്നു ഇരുപത്തൊന്നു കോല് പതിനാറു വിരൽ ചുറ്റ് അഞ്ചുകോല് എട്ടുവിരലായം. ഒയ്മ്പതു വ്യയം. ധ്വജം യോനി. ബാല്യം വയസ്സു് ഉത്രത്തിൽ ഇരുപതുനാഴിക അപരനവമിയിൽ ഇരുപതനാഴിക. കഴുക്കരണം വെള്ളിയാഴ്ച. ഇത്തി വൃക്ഷം കാക്കപക്ഷി കൊള്ളരുതു്.

ഒയ്മ്പതുകോൽ കിഴക്കിനേതിന്നു ഇരുപത്തുനാല്കോല് എട്ടു് വിരൽ ചുറ്റ്, ഇരിക്കോല്, പതിനാറ് വിരലായം, മൂന്നവ്യയം ദ്ധ്വജം യോനി. കൌമാരം വയസ്സു. തിരുവാതിര നാല്പതനാഴിക പൂവ്വവാവിൽ നാല്പതുനാഴിക സിംഹക്കരണം. വെള്ളിയാഴ്ച, കരുമരംവൃക്ഷം, ചെമ്പോത്തുപക്ഷി. കൊള്ളരുതു്.

പത്തുകോൽ കിഴക്കിനേതിന്നു ഇരുപത്തേഴുകൊൽ ചുറ്റ് പൂണ്ണായം. പതിനൊന്നു വ്യയം, ദ്ധ്വജം യോനി, യൌവനം വയസ്സു്. രേവതി നാൾ ഗണ്ഡാന്തമുണ്ടു്, പൂവ്വഷാഢി കഴുതക്കരണം. വെള്ളിയാഴ്ച, ഇരിഞ്ഞിവൃക്ഷം. മയിൽപക്ഷി, പൃഥിവിഭ്രതോദയം. ഇതു കൊള്ളരുതു്.

പതിനൊന്നുകോൽ കിഴക്കിനേതിന്നു ഇരുപത്തൊയ്മ്പതുകോൽ പതിനാറുവിരൽ ചുറ്റ്, ഒയ്മ്പതു് കോൽ എട്ടുവിരലായം, അഞ്ചു വ്യയം. ദ്ധ്വജംയോനി. വാർദ്ധകം വയസ്സു്. തിരുവോണം, ഇരുപതുനാഴിക. അപരത്രയൊദശി ഇരുപതു് നാഴിക. ആനക്കരണം, ശനിയാഴ്ച, എരിക്കു് വൃക്ഷം. വിഷ്ണു നക്ഷത്രദേവതാ, പ്രജാപതി തിഥിദേവത, വായു ഭ്രതോദയം, കോഴി പക്ഷി, ഇതു് ഉത്തമം, പൂരയ്യം തൊഴവിന്നും കൊള്ളാം.

പന്തീരുകോൽ കിഴക്കിനേതിന്നു മുപ്പത്തിരണ്ടുകോൽ എട്ടുവിരൽ ചുറ്റ്, ആറുകോൽ പതിനാറുവിരലായം, പതിമൂന്നു വ്യയം. ദ്ധ്വജം യോനി, വാർദ്ധകം വയസ്സു്, വിശാഖം നാല്പതു് നാഴിക, അപരചതുർത്ഥിനാല്പതു് നാഴിക, പുലിക്കരണം, ശനിയാഴ്ച. വയ്യംകതവൃക്ഷം, കാക്കപക്ഷി, കൊള്ളരുതു്.

പതിമൂന്ന് കോൽ കിഴക്കിനേതിന്നു മുപ്പത്തഞ്ചുകോൽ ചുറ്റു്, നാലു ആയം, ഏഴു വ്യയം. ധ്വജംയോനി മരണയോഗമുണ്ടു്. മകം നാള്, പൂവ്വദശമി, ആനക്കരണം. ശനിയാഴ്ച, പേരാൽവൃക്ഷം. ചെമ്പോത്തു പക്ഷി. ഇതു് കൊള്ളരുതു്.

പതിനാലുകോൽ കിഴക്കിനേതിന്നു മുപ്പത്തേഴുകോൽ പതിനാറു വിരൽ ചുറ്റു് ഒരിക്കോലെ എട്ടുവിരലായം, ഒരു വ്യയം, ധ്വജം യോനി. ബാല്യം വയസ്സു്. മകയിരം ഇരുപതുനാഴിക. പൂവ്വദ്വിതീയ ഇരുപതു് നാഴിക. പുലിക്കരണം. ഞായറാഴ്ച, കരിങ്ങാലിവൃക്ഷം, ചന്ദ്രൻ നക്ഷത്രദേവത, പെരുമ്പുഴുള്ളു പക്ഷി. ബ്രഹ്മൻ തിഥിദേവത, പൃഥിവിഭ്രതോദയം യോഗിനിയുണ്ടു്, ഉർബ്ബലമാകയാൽ മദ്ധ്യമം, പുലിക്കരണം തൊഴുവിന്നു കൊള്ളരുതു്.

പതിനഞ്ചുകോൽ കിഴക്കിനേതിന്നു് നാല്പതുകോൽ എട്ടുവിരൽ ചുറ്റു, പത്തുകോൽ പതിനാറുവിരലായം, ഒയ്മ്പതു വ്യയം, ധ്വജം യോനി, ബാല്യം വയസ്സു്, ഉത്രട്ടാതിയിൽ നാല്പതു് നാഴിക അപരാഷ്ടമിയിൽ, നാല്പതുനാഴിക. പന്നിക്കരണം. ഞായറാഴ്ച, കരിമ്പനവൃക്ഷം. അഹിർബുധ്നി നക്ഷത്രദേവത, മയിൽപക്ഷി, മാതുക്കൾ തിഥിദേവതാ. ആകാശംഭ്രതൊദയം. പുരയ്ക്കും തൊഴുവിന്നും കൊള്ളാം.

പതിനാറുകോൽ കിഴക്കിനേതിന്നു് നാല്പത്തിമൂന്നുകോൽ ചുറ്റു് എട്ടു ആയം, മൂന്നു വ്യയം, ധ്വജം യോനി കൌമാരം വയസ്സു്. പൂരാടം പൂവ്വപതിനാലു, പത്തുക്കാരണം. ഞായറാഴ്ച, പഞ്ഞിവൃക്ഷം. ജലം നക്ഷത്രദേവതാ. കോഴിപക്ഷി, വായുഭ്രതോദയം. രുദ്രൻ തിഥിദേവത, ഞായറാഴ്ചയാകയാൽ യൊഗിനിയുണ്ടു്, ഉർബ്ബലം കൊള്ളാം. പതിന്നാലുകയാൽ തൊഴുവിന്നും മദ്ധ്യമം.

പതിനേഴുകോൽ കിഴക്കിനേതിന്നു നാല്പത്തഞ്ചു കോൽ പതിനാറുവിരൽ ചുറ്റു് അഞ്ചുകോൽ എട്ടുവിരലായം. പതിനൊന്നു വ്യയം. ധ്വജം യോനി. യൌവ്വനം വയസ്സു്. ചോതിയിൽ ഇരുപതു നാഴിക, പൂർവ്വഷഷ്ടിയിൽ ഇരുപതു നാഴിക, പന്നിക്കരണം തിങ്കളാഴ്ച. നീർമരുതുവൃക്ഷം. കാക്ക പക്ഷി കൊള്ളരുതു്.

പതിനെട്ടുകോൽ കിഴക്കിനെതിന്നു നാല്പത്തെട്ടുകോൽ എട്ടുവിരൽ ചുറ്റു് ഇരുക്കോൽ പതിനാറു വിരലായം. അഞ്ചു വ്യയം. ധ്വജം യോനി വാർദ്ധകം വയസ്സു് ആയില്യത്തിൽ നാല്പതുനാഴിക അപരഭാദശി നാല്പതു നാഴികചെല്ലും കഴുതക്കരണം. തിങ്കളാഴ്ച നാഗം വൃക്ഷം, ചെമ്പോത്തു് പക്ഷി. കൊള്ളരുതു്.

പത്തൊമ്പതു കോൽ കിഴക്കിനേതിന്നു അമ്പത്തൊന്നു കോൽ ചുറ്റ്, പൂണ്ണായം. പതിമൂന്നവ്യയം, ഋഭജം യോനി. മരണയോഗമുണ്ടു. കാത്തികനാൾ അപരഭാതീയ. വിഷ്ടിക്കരണം. തിങ്കളാഴ്ച അത്തിവൃക്ഷം. പെരുംപുള്ളു് പക്ഷി. കൊൾവീല.

ഇരുപതുകോൽ കിഴക്കിനേതിന്നു അയ്മ്പത്തിമൂന്നു കോൽ പതിനാറു വിരൽ ചുറ്റ് ഒയ്മ്പതുകോൽ എട്ടു വിരലായം. ഏഴു വ്യയംധ്വജം യോനി. മരണയോഗമുണ്ടു പൂരോരുട്ടാതിയിൽ ഇരുപതു നാഴിക പൂർവ്വ ദശമിയാലിരുപതു് നാഴിക. കഴുതക്കരണം ചൊവ്വാഴ്ച, തേന്മാവ് വൃക്ഷം, കാക്ക പക്ഷി, ഇതും കൊള്ളരുതു്.

ഇരുപത്തൊന്നു കോൽ കിഴക്കിനേതിന്നു അയ്മ്പത്താറുകോൽ എട്ടുവിരൽ ചുറ്റ്. ആറുകോൽ പതിനാറുവിരലായം, മൂന്നവ്യയം ധ്വജം യോനി. ബാല്യം വയസ്സു്, മൂലത്തിൽ നാല്പതുനാഴിക, പൂവ്വ പ്രതിപദത്തിൽ നാല്പതു് നാഴികചെല്ലും സിംഹക്കരണം, ചെവ്വാഴ്ച, പയനി വൃക്ഷം, അസുരൻ നക്ഷത്രദേവത, കോഴി പക്ഷി വായുഭ്രതോദയം, അഗ്നി തിഥിദേവതയാകയാലും, രാക്ഷസൻ ദേവതയാകയാലും മദ്ധ്യമം. ചെവ്വാഴ്ചയാകയാലും, മദ്ധ്യമംകൊണ്ടാചാരമുണ്ടു്. സിംഹക്കരണം. തൊഴുവിന്നരുതു്.

ഇരുപത്തിരണ്ടുകോൽ കിഴക്കിനേതിന്നു അയ്മ്പത്തൊമ്പതുകോൽ ചുറ്റ് നാലു ആയം ഒയ്മ്പതു് വ്യയം, ഋഭജം യോനി കൌമാരം വയസ്സു്, അത്തംനാൾ അപരസപ്തമി, സിംഹക്കരണം ചൊവ്വാഴ്ച, അമ്പാഴം വൃക്ഷം, കാക്ക പക്ഷി കൊള്ളരുതു്.

ഇരുപത്തുമൂന്നുകോൽ കിഴക്കിനേതിന്നു അറുപത്തൊന്നുകോൽ പതിനാറ്വിരൽ ചുറ്റ് ഒരിക്കോൽ എട്ടുവിരലായം. മൂന്നവ്യയം ധ്വജം യോനി. യൌവനം വയസ്സു്, പൂയം ഇരുപത്നാഴിക ആനക്കരണം. ബുധനാഴ്ച, അരയാൽവൃക്ഷം, ചെമ്പോത്തു പക്ഷി കൊള്ളരുതു്.

ഇരുപത്തിനാലുകോൽ കിഴക്കിനേതിന്നു അറുപത്തിനാലുകോൽ എട്ടുവിരൽ ചുറ്റ്, പത്തുകോൽ പതിനാറുവിരലായം. പതിനൊന്നു വ്യയം ധ്വജം യോനി, വാർദ്ധകം വയസ്സു്, ഭരണി നാല്പതു്നാഴിക പൂവ്വപഞ്ചമി. നാല്പതു്നാഴിക പുലിക്കരണം, ബുധനാഴ്ച, നെല്ലി വൃക്ഷം, പെരിമ്പുള്ളപക്ഷി, ഇതും കൊള്ളരുതു്.

ഇരുപത്തഞ്ചുകോൽ കിഴക്കിനേതിന്നു അറുപത്തേഴുകോൽ ചുറ്റ്. എട്ടു ആയം അഞ്ചുവ്യയം ഋഭജംയോനി, വാർദ്ധകം വയസ്സു്, അവിട്ടം

നാൾ അപരം ഏകാദശിപക്കം പുലിക്കരണം ബുധനാഴ്ച, വഹ്നിവൃക്ഷം, മയിൽപക്ഷി, വസുക്കൾ നക്ഷത്രദേവത. യമൻ തിഥിദേവത. ആകാശം ഭ്രതോദയം. അവിട്ടവും ബുധനാഴ്ചയും കൂട്ടുകിൽ ദുഷ്ടയോഗമുണ്ട്. എന്നാൽ മദ്ധ്യമംകൊണ്ടിട്ടാചാരമുണ്ട്.

ഇരുപത്താറുകോൽ കിഴക്കിനേതിന്നു അറുപത്തൊയ്മ്പതുകോൽ പതിനാറുവിരൽ ചുറ്റു അഞ്ചുകോൽ എട്ടുവിരലായം പതിമൂന്നവ്യയം. ധ്വജംയോനി. മരണയോഗമുണ്ടു. തൃക്കേട്ടയിൽ ഇരുപതുനാഴിക അപരാർദ്ധതീയ ഇരിപത്നാഴിക പത്രുക്കരണം. വ്യാഴാഴ്ച, വെട്ടി, വൃക്ഷം, കോഴി പക്ഷി, ഇതു കൊള്ളരുത്.

മുപ്പത്തഞ്ചുകോൽ കിഴക്കിനേതിന്നു തൊണ്ണൂറുമൂന്നുകോൽ പതിനാറുവിരൽ ചുറ്റ്എട്ടുകോൽ എട്ടുവിരലായം, ഒരു വ്യയം ധ്വജംയോനി. കൌമാരം വയസ്സ്. ഉത്രാടം ഇരിപതുനാഴിക അപരാവാവിൽ ഇരിപതുനാഴിക നാൽക്കാലികരണം. ഞായറാഴ്ച, പിലാവ് വൃക്ഷം. കോഴിപക്ഷി, നഷ്ടചന്ദ്രനാകയാലധമം.

മുപ്പത്താറുകോൽ കിഴക്കിനേതിന്നു തൊണ്ണൂറാറുകോൽ എട്ടുവിരൽ ചുറ്റ് ഇരിക്കോൽ പതിനാറുവിരലായം, ഒയ്മ്പതുവ്യയം, ധ്വജംയോനി, യൌവനം വയസ്സ് ചോതിനാല്പതുനാഴിക അപരഷഷ്ടി നാല്പതുനാഴിക. പത്രുക്കരണം, ഞായറാഴ്ച, നീർമരുത് വൃക്ഷം, കാക്ക പക്ഷി കൊള്ളരുതു.

മുപ്പത്തേഴുകോൽ കിഴക്കിനേതിന്നു തൊണ്ണൂറൊമ്പതുകോൽ ചുറ്റ്, പൂണ്ണായം മൂന്നവ്യയം ധ്വജം യോനി വാർദ്ധകം വയസ്സ് ആയില്യംനാൾ ഗണ്ഡാന്തമുണ്ടു. പൂർവ്വദ്വാദശി പുലിക്കരണം. ഞായറാഴ്ച ദഗ്ധയോഗമുണ്ടു. നാഗം വൃക്ഷം ചെമ്പോത്തു പക്ഷി, ഇതു കൊള്ളരുത്.

മുപ്പത്തെട്ടുകോൽ കിഴക്കിനേതിന്നു നൂറൊന്നുകോൽ പതിനാറുവിരൽ ചുറ്റ് ഒയ്മ്പതുകോൽ എട്ടുവിരലായം പതിനൊന്നവ്യയം. ധ്വജം യോനി മരണയോഗമുണ്ടു. രോഹിണി ഇരിപതുനാഴിക പൂർവ്വചതുർത്ഥി ഇരിപതുനാഴിക പത്രുക്കരണം. തിങ്കളാഴ്ച, ഞാവൽവൃക്ഷം, പെരിംപുള്ള പക്ഷി കൊള്ളരുത്.

മുപ്പത്തൊയ്മ്പതുകോൽ കിഴക്കിനേതിന്നു നൂറിനാലുകോൽ എട്ടുവിരൽ ചുറ്റ്, ആറുകോൽ പതിനാറുവിരലായം അഞ്ചുവ്യയം ധ്വജം യോനി. മരണയോഗമുണ്ട്. പൂരോരുട്ടാതിയിൽ നാല്പതുനാഴിക അപരദ്വശമി നാല്പതുനാഴിക വിഷ്ടിക്കരണം. തിങ്കളാഴ്ച, തേന്മാവ് വൃക്ഷം മയിൽപക്ഷി, അജൈകപാത്ത് നക്ഷത്രദേവത ഇതു കൊള്ളരുതു.

നാല്പതുകോൽ കിഴക്കിനേതിന്നു നൂറേഴുകോൽ മുറ്റ്, നാല് ആയം, പതിമൂന്നവ്യയം ധ്വജം യോനി. ബാല്യം വയസ്സ്, മൂലം നാൾ, അപരപ്രതിപദം പക്ഷം, പന്നിക്കരണം. തിങ്കളാഴ്ച, പയൻ വൃക്ഷം, കോഴി പക്ഷി, കൊള്ളരുത്.

നാല്പത്തൊന്നുകോൽ കിഴക്കിനേതിന്നു നൂറൊരായ്മ്പതുകോൽ പതിനാറുവിരൽ മുറ്റു് ഒരുക്കോൽ എട്ടുവിരലായം ഏഴവ്യയം ധ്വജം യോനി, കൌമാരം വയസ്സ് ചിത്തയിൽ ഇരുപതുനാഴിക. പൂവ്വാഷ്ടമിയിൽ ഇരിപതുനാഴിക. വിഷ്ടിക്കരണം, ചൊവ്വാഴ്ച, ക്രുവളം വൃക്ഷം. കോഴിപക്ഷി കൊള്ളരുത്.

നാല്പത്തിരണ്ടുകോൽ കിഴക്കിനേതിന്നു നൂറിപ്പന്ത്രണ്ടുകോൽ എട്ടുവിരൽ മുറ്റ് പത്തുകോൽ പതിനാറുവിരലായം ഒരു വ്യയം ധ്വജം യോനി യൌവനം വയസ്സ്, പൂയത്തിൽ നാല്പതുനാഴിക. അപര പതിനാലു? നാല്പതുനാഴിക പുലിക്കരണം ചൊവ്വാഴ്ച അരയാൽവൃക്ഷം, ചെമ്പോത്തു പക്ഷി, ബൃഹസ്പതി നക്ഷത്രദേവതാ, ജലംഭ്രതോദയം, ശിവൻതിഥിദേവത, കൃഷ്ണചതുർദ്ദശിയാകയാൽ മദ്ധ്യമം.

നാല്പത്തിമൂന്നുകോൽ കിഴക്കിനെതിന്നു നൂറിപ്പതിനഞ്ചുകോൽ മുറ്റ് എട്ടു ആയം ഒമ്പതു വ്യയം ധ്വജം യോനി, വാർദ്ധകം വയസ്സ്, ഭരണിനാൾ അപരപഞ്ചമി കഴുതക്കരണം, ചൊവ്വാഴ്ച നെല്ലിവൃക്ഷം പെരിംപുള്ളുപക്ഷി കൊള്ളരുതു്.

നാല്പത്തിനാലുകോൽ കിഴക്കിനേതിന്നു നൂറിപ്പതിനേഴുകോൽ പതിനാറുവിരൽ മുറ്റ്, അഞ്ചുകോൽ എട്ടുവിരലായം, മൂന്നവ്യയം ധ്വജം യോനി, വാർദ്ധകം വയസ്സ് ചതയം ഇരിപതുനാഴിക. പൂവ്വദ്വാദശി ഇരിപതുനാഴിക സിംഹക്കരണം ബുധനാഴ്ച കടമ്പവൃക്ഷം മയിൽ പക്ഷി, വരുണൻ നക്ഷത്രദേവത, വിഷ്ണുതിഥിദൈവത ആകാശം ഭ്രതോദയം ഇതു കൊള്ളാം.

നാല്പത്തഞ്ചുകോൽ കിഴക്കിനേതിന്നു നൂറിരിപതുകോൽ എട്ടുവിരൽ മുറ്റ് ഇരിക്കോൽ പതിനാറുവിരലായം, പതിനൊന്നവ്യയം ധ്വജം യോനി, മരണയോഗമുണ്ടു. തുക്കേട്ട നാല്പതുനാഴിക പൂവ്വദ്വിതീയ ആനക്കരണം. ബുധനാഴ്ച, വെട്ടിവൃക്ഷം, കോഴിപക്ഷി കൊള്ളരുതു്.

നാല്പത്താറുകോൽ കിഴക്കിനേതിന്നു നൂറിയിരുപത്തിമൂന്നുകോൽ മുറ്റ്, പൂജ്യായം, അഞ്ചു് വ്യയം ധ്വജംയോനി, ബാല്യം വയസ്സ്, ഉത്രാടന്നാൾ, അപരനവമി, ആനക്കരണം ബുധനാഴ്ച, ഇത്തിവൃക്ഷം, കാക്ക

പക്ഷി, ഭഗൻ നക്ഷത്രദേവതാ. അഗ്നിഭ്രതോദയം, ദുർഗ്ഗാ തിഥി ദേവതാ. മദ്ധ്യമം കൊള്ളാം.

നാല്പത്തേഴുകോൽ കിഴക്കിനേതിന്നു നൂറിരുപത്തഞ്ചുകോൽ പതിനാറുവിരൽ ചുറ്റ്, ഒമ്പതുകോൽ എട്ടുവിരലായം, പതിമൂന്നവ്യയം ധ്വജംയോനി, കൌമാരം വയസ്സ്, പുണർതം ഇരിപതുനാഴിക, അപരപ്രതിപദം ഇരിപതുനാഴിക, പുലിക്കരണം, വ്യാഴാഴ്ച, മുളവൃക്ഷം, ചെമ്പോത്തുപക്ഷി, കൊള്ളരുത്.

നാല്പത്തെട്ടുകോൽ കിഴക്കിനെതിന്നു നൂറിരുപത്തെട്ടുകോൽ പതിനെട്ടുവിരൽ ചുറ്റു, ആറുകോൽ പതിനാറുവിരലായം, ഏഴവ്യയം ധ്വജംയോനി, യൌവനം വയസ്സ്, അശ്വതി പൂവ്വസപ്തമി പത്തുക്കരണം വ്യാഴാഴ്ച കാഞ്ഞിരംവൃക്ഷം പെരുമ്പുള്ള പക്ഷി കൊള്ളരുത്.

നാല്പത്തൊമ്പതുകോൽ കിഴക്കിനേതിന്നു നൂറിരുപ്പത്തൊന്നുകോൽ ചുറ്റു, നാലായം, ഒരു വ്യയം. ധ്വജംയോനി, യൌവനം വയസ്സ്, തിരുവോണം നാൾ, അപരത്രയോദശി, പത്തുക്കരണം, വ്യാഴാഴ്ച, എരുക്കുവൃക്ഷം, മയിൽപക്ഷി, വിഷ്ണുനക്ഷത്രദേവത, പ്രജാപതി തിഥി ദെവതാ, വായുഭ്രതോദയം കൊള്ളാം.

അയ്മ്പതുകോൽ കിഴക്കിനേതിന്നു നൂറിരുപ്പത്തിമൂന്നുകോൽ പതിനാറുവിരൽ ചുറ്റു, ഒരിക്കോൽ എട്ടുവിരലായം, ആറുവ്യയം, ധ്വജം യോനി, വാർദ്ധകം വയസ്സ്. അനിഴം നാഴിക 20നാൾ, അപരപക്ഷപഞ്ചമി 20നാഴിക, പന്നിക്കരണം, വെള്ളിയാഴ്ച, ഇരഞ്ഞി, വൃക്ഷം, കാക്കപക്ഷി കൊള്ളരുത്.

ഹരിഃ

ഒരിക്കോൽ തെക്കിനേതിന്നു, 3 കോൽ 16 വിരൽ ചുറ്റ്, 5 കോൽ എട്ടു വിരലായം, 11 വ്യയം, സിംഹയോനി, ബാല്യം വയസ്സ് 20 നാഴിക ചെല്ലും. അപരപക്ഷത്തു വാവിൽ ഇരുപതു നാഴിക, നാൽക്കാലികരണം, തിങ്കളാഴ്ച, അത്തിവൃക്ഷം. പുള്ളുപക്ഷി..... കൊള്ളരുത്.

ഇരിക്കോൽ തെക്കിനേതിന്നു, 6 കോൽ 8 വിരൽ ചുറ്റു ഇരിക്കോൽ, 16 വിരൽ ആയം, 5 വ്യയം, സിംഹയോനി, ബാല്യം വയസ്സ്, ചതയം 40നാഴിക, അപരഷഷ്ഠി 40 നാഴിക, പത്തുക്കരണം, തിങ്കളാഴ്ച, കടമ്പുവൃക്ഷം, മയിൽ പക്ഷി—ഇതും കൊള്ളരുത്.

3 കോൽ തെക്കിനേതിന്നു 9 കോൽ ചുറു പൂണ്ണായം, 13 വ്യയം സിംഹയോനി, കൌമാരം വയസ്സു്. തൃക്കേട്ടനാൾ, ഗണ്ഡാന്തമുണ്ടു്. പൂവ്വപക്ഷത്തൃദ്വാദശി, പുലിക്കരണം, തിങ്കളാഴ്ച, വെട്ടി, വൃക്ഷം കോഴിപക്ഷി കൊള്ളരുതു്.

